**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6779** **11-07-2024 - ൽ മറുപടിയ്ക്ക്**

**പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരുടെ വിവരങ്ങളും ഇവരിൽ നിന്നും പാട്ടകുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരുടെ വിവരങ്ങളും ഇവരിൽ നിന്നും പാട്ടകുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | പാട്ട വ്യവസ്ഥകൾ ലംഘിച്ചു കൈവശം വച്ചിരിക്കുന്ന ഭൂമികളുടെ പാട്ടകുടിശ്ശിക മുഴുവൻ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നിയമ പ്രകാരവും കേരള ഭൂസംരക്ഷണ നിയമ പ്രകാരവുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കോടതി സ്റ്റേ ഉള്ള കേസ്സുകളിൽ കോടതികളിൽ നിന്നും അനുകൂല അന്തിമ ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പാട്ട കുടിശ്ശിക ഈടാക്കുന്നതുമാണ്. പാട്ടകുടിശ്ശിക ഈടാക്കിയ ശേഷം ടി പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | സംസ്ഥാനത്ത് പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും എണ്ണം | പാട്ട കുടിശ്ശിക |
|---|---|---|---|
| 1. | തിരുവനന്തപുരം | 157 കേസ് | 104, 70,09, 891/- |
| 2. | കൊല്ലം | 16 കേസുകൾ | 33/- കോടി രൂപ |
| 3. | ആലപ്പുഴ | 52 കേസുകൾ | 2,74,94,540/- |
| 4. | പത്തനംതിട്ട | 2 കേസുകൾ | - |
| 5. | കോട്ടയം | 6 കേസുകൾ | 14,45,96,784/- |
| 6. | ഇടുക്കി | 256 കേസുകൾ | 5,54,783/- |
| 7. | എറണാകുളം | 60 കേസുകൾ | 280/- കോടി രൂപ |
| 8. | തൃശ്ശൂർ | 15 കേസുകൾ | 201, 33,93,651/- |
| 9. | പാലക്കാട് | 1 കേസ് | 98,56,476/- |
| 10. | മലപ്പുറം | 4 കേസുകൾ | 78,86,256/- |
| 11. | കോഴിക്കോട് | 10 കേസുകൾ | 19,14,57,790/- |
| 12. | വയനാട് | 1 കേസ് | 4,75,481/- |
| 13. | കണ്ണൂർ | 2 കേസുകൾ | 2,31,929/- |
| 14 | കാസർഗോഡ് | 4 കേസുകൾ | 6,86,79,513/- |